# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **2848**

10/03/2017-ൽ മറുപടിക്ക്

## സർക്കാർ കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കാൻ നടപടി

**ചോദ്യം**

ശ്രീ.കെ.മുരളീധരൻ

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പല സർക്കാർ കോളേജുകളിലും സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ എത്ര സർക്കാർ കോളേജുകളിലാണ് പ്രിൻസിപ്പൽ - ഇൻ ചാർജ്ജ് ഉള്ളത്; | (ബി) | നിലവിൽ 28 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും ഒരു സംഗീത കോളേജ്, ഒരു സംസ്കൃത കോളേജ് എന്നിവ ഉൾപ്പെടെ 30 കോളേജുകളിലാണ് പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ഉള്ളത്. |
| (സി) | 2017-18 അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിലെങ്കിലും സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കുവാനുള്ള നടപടി കൈക്കൊള്ളുമോ? | (സി) | 2010 - ലെ യു.ജി.സി റഗുലേഷൻ അനുസരിച്ച് പി.എച്ച്.ഡി യോഗ്യത നേടിയ അദ്ധ്യാപകരെ മാത്രമേ പ്രിൻസിപ്പൾ ആയി നിയമിക്കാവൂ എന്ന് ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേസിലെ അന്തിമതീർപ്പിനു വിധേയമായി പി.എച്ച്.ഡി യോഗ്യത നേടിയ അദ്ധ്യാപകരെ യു.ജി.സി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രിൻസിപ്പൽമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ